PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

29371
12/11/58

SECOND SESSION—1953

Tuesday, the 22nd September 1953.

Vol. IX OFFICIAL REPORT No. 1

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Tuesday, the 22nd September 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

കടംവാങ്ങൽ.

*൧. [൧] ശ്രീ. എൻ. രാജഗോപാലൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സ്വയം മറുപടി പറയുമോ:

തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ് ഈ അടുത്തകാലത്തു ഫ്ലോട്ട് ചെയ്ത നാ കോടി രൂപയുടെ ഡെവലപ്പ്മെൻറ് ലോൺ എത്ര ദിവസം കൊണ്ടാണ് പിരിഞ്ഞുകിട്ടിയത്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ജൂലൈമാസം ൧൭-ാംതീയതി ഫ്ലോട്ട് ചെയ്തതിൽ ഓഗസ്റ്റ് ഡിസംബർ ൧൭-ാംതീയതിവരെയാണ് അപേക്ഷകൾ സ്വീകരിച്ചിരുന്നത്. അതിനിടയിൽ ജൂലൈ ൧൯-ാംതീയതി ഒരു പൊതുഅവധിദിവസമായിരുന്നു. അതുകൊണ്ട് ൬൭ ദിവസംകൊണ്ടാണ് ഈ വായ്പാസംഖ്യ പിരിഞ്ഞുകിട്ടിയതെന്നു പറയാം.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഈ വായ്പ എട്ടുശതമാനത്തിലധികം പലിശയ്ക്കാണോ നൽകിയതെന്ന് നേരത്തെ പ്രസ്താവിച്ചിരുന്നോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഫൈനാൻസ് ഡിപ്പാർട്ട മെന്റിന്റെ ജൂലൈ ഫ ഫ-ാംതീയതിയിലെ ഒരു പത്രസ്യത്തിൽ അതിനെ പ്പറ്റി പ്രസ്താവിച്ചിട്ടുണ്ട്.

" Government of Travancore.Cochin Finance Department Notific ion no. Fin (W/M) L-1/53 dated 11th July 1953. 4 per cent Travancore-Cochin State Deve opment loan 1963 issued at 99/8/ percent redeemable at par on the 15th July 1963.

ശ്രീ. എൻ. രാജഗോപാലൻനായർ : അവധിദിവസംകൂടാതെ വ ദിവസംകൊണ്ടുമാത്രം ഈ തുക പിരിഞ്ഞുകിട്ടാൻ വല്ല പ്രത്യേക കാരണവുമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്. ജൂലൈ ഫ-ാം തീയതി മാത്രമേ പാസ്സ് ക്ലോസ് ചെയ്യുകയുള്ളു എന്നുള്ളതുകൊണ്ടും ഫ ഭ-ാം തീയതി ഇതു തുടങ്ങിയതുകൊണ്ടും ഈ വ ദിവസത്തിനകം പണം കിട്ടി യില്ലെങ്കിൽ പിന്നെ ഉടനെ അപേക്ഷകരെ സ്വീകരിക്കാൻ നിവൃത്തി യില്ലാതെ വരും. അതുകൊണ്ടാണ് ഈ വ ദിവസം എടുത്തത്.

ശ്രീ. എൻ. രാജഗോപാലൻനായർ : വായ്പ സംഖ്യ മുഴുവൻ പിരിയുന്നതിന് ഇത്രയും താമസം നേരിടുന്നതിനുള്ള കാരണ മെന്താണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : താമസിച്ചാണ ഈ സംഖ്യ പിരിഞ്ഞു കിട്ടിയത് എന്ന ഗവണ്മെന്റിനു അഭിപ്രായമില്ല. ജൂലൈ ഫ-ാംതീയതി ഉച്ചതിരിഞ്ഞു ഫ മണിവരെ ലോണിന് അവധിയുള്ളതു കൊണ്ടും അതിനകം തുക മുഴുവൻ കിട്ടിയതുകൊണ്ടും താമസിച്ചുകൂടാ എന്ന പ്രസ്താവന ഗവണ്മെന്റ് സ്വീകരിക്കുന്നില്ല.

ശ്രീ എൻ. രാജഗോപാലൻ നായർ : ഇതിനു മുൻപു ഈ ഗവ ണ്മെന്റ് ലോൺ നടത്തിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോഴത്തെ മിനിസ്ട്രിയെ ഉദ്ദേശിച്ചാണ് ഈ ഗ ണ്മെന്റ് എന്നു പറഞ്ഞതെങ്കിൽ ഇല്ല എന്നാണ് ഉത്തരം. അടുത്ത കാലത്തൊന്നും ലോൺ എടുത്തതായി കാണുന്നില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഈ വ ദിവസംകൊണ്ട് ഈ ലോൺ മുഴുവനും പിരിച്ചെടുക്കുന്നതിന് ഗവണ്മെന്റ് എന്തെല്ലാം നട പടികളാണ് നടത്തിയത് എന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെ സംബന്ധിച്ച് ഒരു നോട്ടീസ് പ്രസിദ്ധപ്പെടുത്തി എന്നുള്ളതിൽ കവിഞ്ഞു ഗവണ്മെന്റ് ഒരു നടപടിയും നടത്തിയില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : ജൂലൈ ഫ൯-ാംതീയതിക്കു ശേഷവും ലോൺ മുഴുവനും അടഞ്ഞു തീരാത്തതുകൊണ്ട് ഫ-ാംതീയതി ക്കുതന്നെ അതു അടഞ്ഞു തീരുവാൻവേണ്ടി ഗവണ്മെന്റ് എന്തെല്ലാം നടപടികൾ നടത്തിയിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ജൂലൈ 15-ാംതീയതി അവസാനതീയതിയല്ല. നോട്ട് ഫിക്കേഷനിൽ നാലാമത്തെ പാരഗ്രാഫിൽ ഇങ്ങനെ പറയുന്നു. "Subscriptions will be received from the 15th July 1953 to the 23rd July 1953 inclusive." ജൂലൈ 15-ാംതീയതിയാണ് ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയതു്. 15-ാംതീയതിവരെ അപേക്ഷകൾ അയയ്ക്കാം എന്നു പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് 15-ാംതീയതിക്കു ശേഷവും പണം അടയ്ക്കുവെന്നതാണു്.

ശ്രീ. എൻ. രാജഗോപാലൻനായർ : ജൂലൈ 15-ാംതീയതി ഈ ഗവണ്മെന്റിൽ നിന്നും സംസ്ഥാനപ്രസ്സ് ജി. പി. തഹശീൽദാരന്മാർക്കു ഇതു സംബന്ധിച്ചു് എന്തെങ്കിലും നിർദ്ദേശം അയച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പറ്റി പറയുവാൻ കഴിയുകയില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ : റേഷൻ ലൈസൻസുകളുടെ ഡിപ്പോസിറ്റ് തുക ഈ ലോണിലേയ്ക്കു് മാറ്റിയെടുക്കണമെന്നു് ജി. പി. തഹശീൽദാരന്മാർക്കു് നിർദ്ദേശം കൊടുത്തിട്ടുണ്ടോ ?

Mr. Speaker: That question need not be answered.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ : ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലും ലോൺ പിരിയുന്നതിനു് ഏതാണ്ടു് ഇത്രയും കാലതാമസം ഉണ്ടായിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടായി എന്നാണു് എന്റെ ധാരണ.

Shri C. Sankar : Was there any complaint from one Izchakimadan Pillai of Eranial to the effect that he was intimidated by the police officers and Magistrates for this matter and that a large amount was squeezed out of him as loan?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ഒരു പരാതി കിട്ടിയിട്ടില്ല. പക്ഷെ ലോണിനു് സബ്സ്ക്രൈബ് ചെയ്യുവാൻ അവസരം കിട്ടിയില്ലാ എന്ന ആക്ഷേപം ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടു്.

Shri C. Sankar : May I know whether the public and the merchants at Eraniel observed hartal as a protest against the intimidation of Izchakimadan Pillai ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ഒരു റിപ്പോർട്ട് കിട്ടിയതായി കാണുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഈ തുകയിൽ എത്ര രൂപ ഓക്കെ പിരിഞ്ഞുകിട്ടിയെന്നും ഏത്ര രൂപ അഡ്ജസ്റ്റ്മെന്റു വഴിയായി പിരിഞ്ഞു കിട്ടിയെന്നും പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ലോണിന്റെ നോട്ടിഫിക്കേഷനിൽ 4-ാമത്തെ വകുപ്പിൽ പറയുന്നതു് ഇങ്ങനെയാണു്.

LIBRARY ARCHIVES Kerala Legislative Assembly

Paragraph 11 says: "Securities of the 3 per Cent loan 1952-54 will be accepted at par in payment of subscriptions of 4 per cent Travancore-Cochin State Development Loan 1963.

അതായത് ഫസ്റ്റ് ഇയർ മുതൽ ഫസ്റ്റ്ടെർ വരെയുള്ള കാലങ്ങളിൽ mature ചെയ്യുന്ന തിരുവിതാംകൂർ ഡിബഞ്ചർ ലോൺ സർട്ടിഫിക്കറ്റുകൾ തരുകയാണെങ്കിൽ അതു് ക്യാഷ് പേമെൻറായി സ്വീകരിക്കാം എന്നു പറയുന്നുണ്ടു്. അതനുസരിച്ചു് ഫ, ഇൻ, സ്യ, ർ ൦൦ രൂപ രൊക്കമായും ഫ,സ്യ ഇ, സ്യ ഇ, ഇ ൦൦ രൂപ കൺവർഷനായും, അങ്ങനെ ആകെ സ്യ,ഫഇ,ഫ ഒ,ൻ൦൦ രൂപ പിരിഞ്ഞിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : ഇതിൽനിന്നു കൺവർട്ട ചെയ്തിട്ടുള്ള തുകയിൽ റേഷൻ ഷാപ്പുകാരുടെ ഡിപ്പോസിറ്റ തുകകൂടി ഉൾപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല. ഫസ്റ്റ്ടെ-ഇയർ-ൽ കൊടുത്തിട്ടുള്ള തിരുവിതാംകൂർ ഡിബഞ്ചർ ലോൺ (൩ ശതമാനം) കൺവർട്ടു് ചെയ്യുമെന്നാണു് നോട്ടിഫിക്കേഷനിൽ പറഞ്ഞിരിക്കുന്നതു്. റേഷൻ ഷാപ്പുകാരുടെ ഡിപ്പോസിറ്റ അതിൽപ്പെടുകയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : റേഷൻ ഡിപ്പോസിറ്റ തുകകൂടി ഈ ലോണിനു ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ അപേക്ഷിച്ചിട്ടുള്ളവരുടെ തുകകൂടി ചേർത്തിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : റേഷൻ കച്ചവടക്കാരുടെ ഡിപ്പോസിറ്റ തുകയ്ക്കു് ഇപ്പോൾ ഗവണ്മെൻറു കൊടുത്തുകൊണ്ടിരിക്കുന്ന പലിശ എന്താണെന്നു് പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നോട്ടീസു വേണം.

ശ്രീ. ടി. കെ. ദിവാകരൻ : രണ്ടു ശതമാനം പലിശ കൊടുത്തുകൊണ്ടിരിക്കുന്ന തുകയ്ക്കു് ഇപ്പോൾ നാലു ശതമാനമാണു് പലിശ കൊടുക്കേണ്ടിവരുന്നതെന്നു് അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരു പക്ഷെ അങ്ങനെ കൂടുതൽ പലിശ കൊടുക്കേണ്ടിവരുമെന്നുള്ള ധാരണയിരിക്കണം റേഷൻ കച്ചവടക്കാർ അവരുടെ ഡിപ്പോസിറ്റ തുക ലോണിൽ കൊള്ളിക്കണമെന്നു ആവശ്യപ്പെട്ടതു്.

ശ്രീ. ടി. കെ ദിവാകരൻ : ഈ തുകയിൽനിന്നു് എന്തെങ്കിലും തുക ഗവർണ്മെൻറിനു കൊടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ തുകയിൽനിന്നു് കൊടുത്തിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : മറ്റേതെങ്കിലും തുകയിൽനിന്നു് കൊടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗവണ്മെൻറു് ഈ ലക്ഷം രൂപ കൊടുത്തിട്ടുണ്ടെന്നാണു് തോന്നുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള : ൧,൫൫,൦൦,൦൦൦ രൂപ ബോണ്ടായിട്ട സ്വീകരിച്ചിരിക്കുന്ന നിലയ്ക്ക് ആ തുക കൊടുത്തു തീർക്കുന്നതിനു ഗവണ്മെൻറ് വേറെ പണം കരുതിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നോട്ടീസ് വേണം.

ശ്രീ. ടി. കെ. ദിവാകരൻ: കടം എടുത്ത തുക എങ്ങനെ ഉപയോഗിക്കാൻ പോകുന്നുവെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പറ്റി നേരിട്ടു ഫിക്കേഷന്റെ ഒന്നാമത്തെ പാരഗ്രാഫിൽതന്നെ പറയുന്നുണ്ട്.

"The object of the loan is mostly for financing development schemes in the five-Year plan.

ഈ ലോൺ തുകയെക്കാൾ കൂടുതൽ സംഖ്യ പഞ്ചവത്സരപദ്ധതിയനുസരിച്ചുള്ള ഡവലപ്പുമെൻറിലേക്ക് വിനിയോഗിക്കുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ഈ കൊല്ലം കൊള്ളിച്ചിട്ടുള്ള ബഡ്ജറ്റിനും പുറമെ എത്ര രൂപ കൂടുതൽ ഇതിനു വേണ്ടിവരുമെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനും നോട്ടീസ് വേണം.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇപ്പോൾ ലോൺ എടുക്കേണ്ട ആവശ്യം ഉണ്ടായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വളരെ ആവശ്യമുണ്ടായിരുന്നു.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഓരോ ഡിസ്ട്രിക്ടിൽ നിന്നും എത്ര രൂപ വീതം പിരിഞ്ഞു കിട്ടുമെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഡിസ്ട്രിക്ടവാറായിട്ടു കണക്കെടുത്തിട്ടില്ല. അപേക്ഷകന്മാർ ഏതു ഡിസ്ട്രിക്ടിൽ പെടുന്നവരാണെന്നു നിശ്ചയിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ : തിരുവനന്തപുരം ഡിസ്ട്രിക്ടിൽ നിന്നു ലോണിന്റെ മൂന്നിൽ രണ്ടുഭാഗവും മറ്റു ഡിസ്ട്രിക്ടുകളിൽ നിന്നു ബാക്കി മൂന്നിലൊരു ഭാഗവും ആണ് പിരിഞ്ഞു കിട്ടിയിട്ടുള്ളതെന്നു അറിയാമോ?

Mr. Speaker : That is supplying information.

പ്ലൈവുഡ് വ്യവസായം.

* ൨. [൨] ശ്രീ. എൻ. രാജഗോപാലൻ നായർ : താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

LIBRARY ARCHIVES Kerala Legislative Assembly